പന്ത്രണ്ടാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2010-2011)

## ഒന്നാമത് റിപ്പോർട്ട്

(പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)

(2011 ഫെബ്രുവരി 22-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പന്ത്രണ്ടാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2010–2011)

## ഒന്നാമത് റിപ്പോർട്ട്

(പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)

(2011 ഫെബ്രുവരി 22-ാം തീയതി സമർപ്പിച്ചത്)

246/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

„ ജോർജ് എം. തോമസ്

„ കെ. ടി. ജലീൽ

„ വർക്കല കഹാർ

„ കെ. പി. മോഹനൻ

„ പി. ടി. എ. റഹീം

„ എൻ. രാജൻ

„ വി. ഡി. സതീശൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി

ശ്രീമതി കെ. ലൈലാബീവി, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. സി. ജോസഫ് കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. രാധാകൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ 1-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു ജനവിഭാഗമാണ് പ്രവാസി മലയാളികൾ. വിവിധ രാജ്യങ്ങളിലായി 22 ലക്ഷത്തിലധികവും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി 15 ലക്ഷത്തിലധികവും മലയാളികൾ അധിവസിക്കുന്നതായി ഇതു സംബന്ധിച്ച ചില പഠന റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അവർ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കണ്ടെത്തേണ്ടതായിട്ടുണ്ട്. അതിനുള്ള ബാദ്ധ്യത സർക്കാരിനും അതോടൊപ്പം സമൂഹത്തിനും ഉണ്ടെന്ന് സമിതി കരുതുന്നു. അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം, വിസതട്ടിപ്പ്, വാഗ്ദാനം ചെയ്യപ്പെട്ട തൊഴിലും വേതനവും നല്കാതിരിക്കൽ, തൊഴിലുടമയിൽ നിന്നുള്ള പീഡനങ്ങൾ, തൊഴിൽ തർക്കങ്ങൾ, വിദേശത്തേക്കു റിക്രൂട്ടു ചെയ്യപ്പെടുന്ന സ്ത്രീകൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങളും ലൈംഗിക ചൂഷണങ്ങളും, വിദേശത്തുനിന്നും തിരികെയെത്തുന്നവരുടെ പുനരധിവാസം തുടങ്ങി സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ നിലനില്ക്കുന്നു. ഇവയെല്ലാംതന്നെ സമഗ്രപഠനത്തിനു വിധേയമാക്കേണ്ടതും പരിഹാരം കണ്ടെത്തേണ്ടതുമാണ്. എന്നാൽ സമയപരിമിതിമൂലം പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനവുമായി ബന്ധപ്പെട്ട അടിയന്തിര പ്രാധാന്യമുള്ള ചില വിഷയങ്ങൾ മാത്രമാണ് സമിതി ഈ ഘട്ടത്തിൽ പരിഗണനയ്ക്കെടുത്തത്.

സംസ്ഥാന സർക്കാർ നോർക്ക-റൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾ പരമാവധി പ്രവാസികൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഫലപ്രദമായും കാര്യക്ഷമമായും എങ്ങനെ നടപ്പിലാക്കാം എന്ന വസ്തുതയാണ് പ്രധാനമായും സമിതി പഠന വിധേയമാക്കിയത്. ഇതിന്റെ ഭാഗമായി പ്രവാസി മലയാളികളുടെ വിവിധ സംഘടനകളുമായി സമിതി ചർച്ച നടത്തുകയും അവരിൽ നിന്നുള്ള പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിന്റേയും ചർച്ചകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2011 ഫെബ്രുവരി 10-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2011 ഫെബ്രുവരി, 22.

# റിപ്പോർട്ട്

രാജ്യത്തിന്റെ സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകി വരുന്ന ഒരു സമൂഹമാണ് പ്രവാസി മലയാളികൾ അഥവാ വിദേശ മലയാളികൾ. സ്വന്തം നാടിനും കുടുംബത്തിനും വേണ്ടി ജീവിതത്തിന്റെ നല്ലൊരു ഭാഗവും വിദേശ രാജ്യങ്ങളിൽ പണിയെടുക്കാൻ വിധിക്കപ്പെട്ട ഇവരിൽ ഭൂരിഭാഗം പേർക്കും ഒരു മെച്ചപ്പെട്ട ജീവിതം നയിക്കുന്നതിനോ സാമ്പത്തികനില ഭദ്രമാക്കുന്നതിനോ കഴിയാത്ത അവസ്ഥയാണുള്ളത്. വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന പ്രവാസികളുടെ ജീവിതം ഇതിലേറെ ബുദ്ധിമുട്ടുകൾ നിറഞ്ഞതാണെന്നു തെളിവെടുപ്പ് വേളയിൽ സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇവരുടെ പുനരധിവാസം ഉൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു ജനാധിപത്യ സർക്കാരിന്റെ കടമയാണെന്ന് സമിതി വിശ്വസിക്കുന്നു. പ്രസ്തുത കടമ സംബന്ധിച്ച് ബോധ്യമുള്ളതിനാലാണ് പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇതിനായി സർക്കാർ പ്രവാസി കേരളീയകാര്യ വകുപ്പ് രൂപീകരിക്കുകയുണ്ടായി. ഗവൺമെന്റ് സെക്രട്ടറിയുടെ കീഴിലുള്ള പ്രവാസി കേരളീയകാര്യ വകുപ്പിന് സംസ്ഥാനതല ഓഫീസോ ജില്ലാ ഓഫീസുകളോ നിലവിലില്ല. വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് മേഖലയിലും ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിലും പണിയെടുക്കുന്ന മലയാളികളുടെ പ്രശ്നങ്ങളാണ് വകുപ്പ് കൈകാര്യം ചെയ്യുന്നത്.

2. വിദേശത്ത് വച്ച് കാണാതായവരെ കണ്ടെത്താൻ സഹായിക്കുക, വിദേശത്ത് വച്ച് മരണമടയുന്ന കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുക, വിദേശത്തുവച്ച് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്കുള്ള ധനസഹായം, പെൻഷൻ തുടങ്ങിയവ ലഭ്യമാക്കുന്നതിന് സഹായിക്കുക, വിദേശ മലയാളികളുടെ ക്ഷേമപ്രവർത്തനം, വിദേശരാജ്യങ്ങളിൽ നടക്കുന്ന മലയാളി സമ്മേളനങ്ങളിൽ പ്രതിനിധീകരിക്കുക, അർഹമായ വേതനവും നഷ്ടപരിഹാരവും വിദേശത്തെ തൊഴിലുടമയിൽ നിന്നും നേടിയെടുക്കുവാൻ സഹായിക്കുക, മറുനാട്ടിൽ കഴിയുന്ന കേരളീയരുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, വിദേശത്തും മറ്റു സംസ്ഥാനങ്ങളിൽ താമസമാക്കിയവരുമായ കേരളീയരുടെ നാട്ടിലെ ബന്ധുക്കൾക്കും സ്വത്തിനും ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തുക, അനധികൃത റിക്രൂട്ടിംഗ് തടയുന്നതിന് നടപടി സ്വീകരിക്കുക, വിദേശ രാജ്യങ്ങളിലേക്കുള്ള വിമാനയാത്രാക്കൂലി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കേരളത്തിന് പുറത്തുള്ള മലയാളി സംഘടനകളെ സഹായിക്കുക, ലോക മലയാളി സംഗമം സംഘടിപ്പിക്കുക, വിദേശത്തു വച്ച് അപകടപ്പെടുന്നവരെ സഹായിക്കുക, വിസാതട്ടിപ്പിനിരയാകുന്നവരെ സഹായിക്കുക, വിദേശ തൊഴിൽദാതാവുമായുള്ള പ്രശ്നത്താൽ തിരിച്ചുവരാൻ സാധിക്കാത്തവർക്ക് സഹായമെത്തിക്കുക, കസ്റ്റംസിൽ നിന്നും പോലീസിൽ നിന്നും വിമാനത്താവളങ്ങളിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുക, മുംബൈ മലയാളികളുടെ ഗതാഗതവും താമസസൗകര്യവും സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായിക്കുക, അവധിക്കാലത്ത് കൂടുതൽ യാത്രാസൗകര്യം ഏർപ്പെടുത്തുക, വിദേശ മലയാളികളുടെ കുട്ടികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തുക, വിദേശ മലയാളികളുടെ ബന്ധുക്കളുടെ ആരോഗ്യസുരക്ഷാ പദ്ധതികൾ, വിദേശത്ത് ജോലി ചെയ്യുന്ന വനിതാ തൊഴിലാളി

കളുടെ സുരക്ഷ, തിരിച്ചുവരുന്നവരുടെ പുനരധിവാസം, പ്രവാസികളായിട്ടുള്ള കുട്ടികൾക്ക് മലയാളഭാഷയിലും സംസ്ക്കാരത്തിലും അവഗാഹം ഉണ്ടാക്കുക എന്നിവയാണ് പ്രവാസി കേരളീയകാര്യ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

3. കൂടാതെ പ്രവാസി മലയാളികളുടെ ക്ഷേമത്തെ മുൻനിർത്തി സാന്ത്വന, കാരുണ്യം, പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, പ്രവാസി തിരിച്ചറിയൽ കാർഡ്, പ്രവാസി ക്ഷേമനിധി ബോർഡ്, ഹെറിറ്റേജ് വില്ലേജ്, വിദേശങ്ങളിലും കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്തുമുള്ള പ്രവാസി മലയാളികളെക്കുറിച്ചുള്ള വിവരശേഖരണം എന്നീ പദ്ധതികളും പ്രവാസികാര്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത ക്ഷേമ പ്രവർത്തനങ്ങൾ എല്ലാം തന്നെ നോർക്ക-റൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നീ ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നത്.

4. നോർക്ക വകുപ്പിന്റെ കീഴിൽ സർക്കാരിന്റെ 51.3% ഓഹരി പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് നോർക്ക-റൂട്ട്സ്. വിദേശത്തേക്ക് തൊഴിൽ തേടി പോകുന്നവർക്കു വേണ്ടി നോർക്ക-റൂട്ട്സ് നൽകിവരുന്ന സേവനങ്ങൾ നിസ്തുലമാണ്. വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും അറ്റസ്റ്റേഷൻ കേന്ദ്രങ്ങൾ തുറക്കുക വഴി ഉദ്യോഗാർത്ഥികളുടെ പ്രയാസങ്ങൾ ലഘൂകരിക്കാൻ കഴിഞ്ഞു. പ്രസ്തുത കേന്ദ്രങ്ങൾ മുഖേന കേന്ദ്ര വിദേശകാര്യ മന്ത്രാലയം സാക്ഷ്യപ്പെടുത്തൽ, യു.എ.ഇ., സൗദി അറേബ്യ, കുവൈറ്റ് എന്നീ രാജ്യങ്ങളുടെ എംബസ്സി അറ്റസ്റ്റേഷൻ എന്നീ സേവനങ്ങളും ലഭ്യമാകുന്നുണ്ട്. വിദേശ മലയാളികളുടെ ക്ഷേമ കാര്യങ്ങൾ നോക്കുന്നതിനായി ന്യൂഡൽഹിയിലെ കേരളാഹൗസിൽ ഒരു നോർക്ക സെല്ലും മുംബെയിൽ ഒരു എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അവയുടെ നടത്തിപ്പും ഏകോപനവും ഫണ്ട് വിനിയോഗവും മറ്റും ശരിയായ രീതിയിലാണോ എന്നതു സംബന്ധിച്ച് പരിശോധിക്കുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു സംവിധാനം ഏർപ്പെടുത്തേണ്ടത് തികച്ചും അനിവാര്യമാണ് എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് 12-ാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ 3-ാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31-7-2010 ലെ 711-ാം നമ്പർ ബുള്ളറ്റിൻ ഭാഗം II പ്രകാരം പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകൃതമായത്.

5. സംസ്ഥാന സർക്കാരും, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡും ബന്ധപ്പെട്ട് മറ്റു ഏജൻസികളും പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി, ഫണ്ട് വിനിയോഗം എന്നിവ അവലോകനം ചെയ്യുക, പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, വിസ നടപടിക്രമങ്ങൾ, അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച പരാതികൾ, തൊഴിലുടമയും, തൊഴിലാളികളും/നിയുക്ത ഉദ്യോഗാർത്ഥികളും തമ്മിലുള്ള തർക്കം, പ്രവാസി മലയാളികൾക്ക് ജോലി സ്ഥലത്തും ജോലി സ്ഥലത്തേയ്ക്കോ തിരിച്ചോ ഉള്ള യാത്രയിലും ഉണ്ടാകുന്ന പീഡനങ്ങൾ, ആക്രമണങ്ങൾ, ചൂഷണങ്ങൾ, വിദേശത്ത് വച്ച് മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം

ലഭ്യമാക്കുക, മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസം, തൊഴിൽ തുടങ്ങിയ വിഷയങ്ങളിൻമേൽ വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിക്കുക, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക തുടങ്ങിയവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. ഇപ്രകാരം രൂപീകൃതമായ സമിതിയുടെ ആദ്യയോഗം 12-1-2011 ന് തിരുവനന്തപുരത്ത് ചേരുകയുണ്ടായി.

6. പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതായിട്ടുണ്ടെങ്കിലും അവ സംബന്ധിച്ച് ആഴത്തിലുള്ളതും സമഗ്രവുമായ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന സമിതിയുടെ ആഗ്രഹം സഫലമാക്കാൻ സമയ പരിമിതിമൂലം കഴിയാത്ത അവസ്ഥയാണ്. അതിനാൽ വളരെ പ്രാധാന്യമുള്ളതും അടിസ്ഥാനപരമായി പരിഹരിക്കപ്പെടേണ്ടതാണെന്ന് പ്രാരംഭഘട്ടത്തിൽ ബോദ്ധ്യപ്പെട്ടതുമായ വിഷയങ്ങൾ മാത്രമാണ് സമിതി ഇപ്പോൾ പഠനവിധേയമാക്കിയത്. പ്രസ്തുത പഠനത്തിന്റെ ഭാഗമായി 27-1-2011-ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് പ്രവാസി മലയാളികളുടെ സംഘടനകളുമായി സമിതി ചർച്ച നടത്തുകയും അവരിൽ നിന്നും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയുമുണ്ടായി. തുടർന്ന് 31-1-2011-ന് ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.

7. കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട ജീവിത സാഹചര്യവും തേടി വിദേശരാജ്യങ്ങളിലേക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്കുമുള്ള മലയാളികളുടെ വൻതോതിലുള്ള കുടിയേറ്റത്തിന് പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. വിവിധ വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുമായി ഏകദേശം 37 ലക്ഷം മലയാളികൾ അധിവസിക്കുന്നതായി ചില അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നു. 2008-09 വർഷങ്ങളിലുണ്ടായ സാമ്പത്തികമാന്ദ്യം പ്രവാസി മലയാളികളെയും സംസ്ഥാനത്തിന്റെ തന്നെ സാമ്പത്തിക സാമൂഹ്യ മേഖലയെയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഇത്തരം ഘട്ടങ്ങളിൽ അവർക്കായി വിവിധക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതോടൊപ്പം തന്നെ തിരികെയെത്തുന്ന പ്രവാസികൾക്കായി പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേതുണ്ട്. അതിനായി വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും താമസിക്കുന്ന മലയാളികളെ സംബന്ധിക്കുന്ന കൃത്യമായ കണക്ക് നമുക്ക് ലഭിക്കേണ്ടതാവശ്യമാണ്. അത്തരത്തിൽ ആധികാരികമായി ഒരു കണക്കെടുപ്പോ വിവരശേഖരണമോ നടത്തുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. പ്രവാസി മലയാളികളെ സംബന്ധിച്ച വിവരശേഖരണത്തിനായുള്ള പഠനം നടത്തുവാൻ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ പ്രവാസികേരളീയ കാര്യവകുപ്പ് ചുമതലപ്പെടുത്തുകയും പ്രസ്തുത സ്ഥാപനം കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡീസ് 2008 എന്ന പേരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത കണക്കുകൾ ആധികാരികമായി കണക്കാക്കാൻ കഴിയുന്നതല്ല എന്നു സമിതിക്ക് ബോദ്ധ്യപ്പെട്ടു. സമിതിയുടെ തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇക്കാര്യം സ്ഥിരീകരിക്കുകയുണ്ടായി.

8. ആയതിനാൽ ഓരോ വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളിലും അധിവസിക്കുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച് സമഗ്രവും ആധികാരികവും ആയ കണക്കെടുപ്പ് നടത്തുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്നും നിലവിൽ നടന്നുവരുന്ന കണക്കെടുപ്പിൽ ഇതുകൂടി ഉൾപ്പെടുത്താനും സമിതി ശുപാർശ ചെയ്യുന്നു.

9. പ്രവാസി മലയാളികളുടെ ക്ഷേമം ലക്ഷ്യമാക്കി നിയമസഭ പാസ്സാക്കിയ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് (2009 ലെ 10-ാം ആക്ട്) പ്രകാരം രൂപീകൃതമായ പ്രവാസി കേരളീയ ക്ഷേമ ബോർഡ് 30-11-2009-ൽ നിലവിൽ വരികയുണ്ടായി. പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, പെൺമക്കളുടെ വിവാഹത്തിന് ധനസഹായം, പ്രസവാനുകൂല്യം, ഭവന വായ്പ, സ്വയം തൊഴിൽ വായ്പ തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ നൽകുന്നതിനും പ്രസ്തുത ക്ഷേമപദ്ധതി വിഭാവനം ചെയ്യുന്നു. അതിനാൽ തന്നെ പ്രവാസികൾക്കായി കേരള സർക്കാർ നടപ്പിലാക്കിയിട്ടുള്ളതിൽ വച്ച് ഏറ്റവും ബൃഹത്തായ ഒരു പദ്ധതിയായി ഇതിനെ കണക്കാക്കാവുന്നതാണ്.

10. നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾ, ജോലി മതിയാക്കി വിദേശത്തു നിന്നും തിരികെ എത്തിയവർ, അന്യസംസ്ഥാനങ്ങളിൽ തൊഴിൽ ചെയ്യുന്ന മലയാളികൾ എന്നിങ്ങനെ പലവിഭാഗങ്ങളായി തരം തിരിച്ചാണ് വിവിധ ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

11. പ്രവാസി കേരളീയ ക്ഷേമ ആക്ടിന്റെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും എന്നാൽ 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ പ്രവാസി കേരളീയനുമാത്രമേ ക്ഷേമനിധിയിൽ അംഗമാകുന്നതിന് പേര് രജിസ്റ്റർ ചെയ്യുവാൻ അർഹതയുള്ളൂ. നിലവിൽ വിദേശത്തു നിന്നും തിരികെ എത്തിയ നല്ലൊരു ശതമാനം പ്രവാസികളും പ്രസ്തുത പ്രായപരിധി കഴിഞ്ഞിട്ടുള്ളവരാണെന്നതിനാൽ അവർക്ക് ടി ക്ഷേമ പദ്ധതിയിൽ അംഗമാകുന്നതിനോ, ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനോ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത് സാമാന്യ നീതിയുടെ നിഷേധമായി സമിതി കരുതുന്നു. വിവിധ സംഘടനകളുമായി സമിതി നടത്തിയ ചർച്ചയിലും എല്ലാ സംഘടനകളും ഒരേ സ്വരത്തിൽ ഇക്കാര്യത്തിൽ പരാതി ഉന്നയിക്കുകയുണ്ടായി.

12. ആയതിനാൽ കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പരമാവധി പ്രവാസികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പ്രവാസി ക്ഷേമ പദ്ധതിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 55-ൽ നിന്നും 60 ആയി ഉയർത്തണമെന്നും അതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ 6-ാം വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

13. ഇപ്രകാരം 55 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള പ്രവാസി മലയാളികൾക്ക് അംഗത്വം നൽകുമ്പോൾ അവരിൽ നിന്നും അംശാദായം സ്വീകരിക്കുന്നത് സംബന്ധിച്ചും അവർക്ക് പെൻഷൻ മുതലായ ആനുകൂല്യങ്ങൾ നൽകുന്നതു സംബന്ധിച്ചും അനുയോജ്യമായ ഭേദഗതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

14. പ്രവാസി കേരളീയ ക്ഷേമ ആക്ട് പ്രകാരം വിദേശത്ത് ജോലിയിൽ തുടരുന്ന ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗവും പ്രതിമാസം 300 രൂപയും വിദേശത്ത് നിന്നും തിരികെ വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗവും പ്രതിമാസം 100 രൂപ വീതവും, ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗവും പ്രതിമാസം 100 രൂപ വീതവും ഓരോ കല്പിത അംഗവും പ്രതിമാസം 50 രൂപ വീതവും ക്ഷേമനിധിയിലേക്ക് അംശാദായമായി അടയ്ക്കേണ്ടതാണ്. സർക്കാരിന്റെ അധീനതയിലുള്ള മിക്ക ക്ഷേമബോർഡുകളിലും ഒരംഗം അംശാദായമായി അടയ്ക്കുന്ന തുക ഒരു നിശ്ചിത ശതമാനം പലിശ സഹിതം ടി അംഗം പെൻഷനാകുന്ന ഘട്ടത്തിൽ മടക്കി നൽകുന്നുണ്ട്. എന്നാൽ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ ഇപ്രകാരം അംശാദായമായി അടയ്ക്കുന്ന തുക അംഗങ്ങൾക്ക് മടക്കി നൽകുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത് ക്ഷേമനിധിയുടെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല എന്നു സമിതി കരുതുന്നു. ക്ഷേമനിധിയിൽ അംഗമാകുന്ന 18-നും 45-നും മദ്ധ്യേ പ്രായമുള്ള പ്രവാസികളെ സംബന്ധിച്ചിടത്തോളം അവർ വർഷങ്ങളോളം അംശാദായം അടയ്ക്കേണ്ടി വരുന്നതിനാൽ നല്ലൊരു തുക ഈ ഇനത്തിൽ നഷ്ടപ്പെടേണ്ടതായി വരുന്നു. മാത്രമല്ല 60 വയസ്സു പൂർത്തിയാകുമ്പോൾ മാത്രമേ പെൻഷന് അർഹത നേടുന്നുള്ളൂ. ഇപ്രകാരം അംശാദായമായി അടയ്ക്കുന്ന തുക തിരികെ കിട്ടാൻ വ്യവസ്ഥയില്ലാത്തതിനാൽ മേൽ വിഭാഗത്തിൽപ്പെട്ട പ്രവാസികൾ ഈ ക്ഷേമ പദ്ധതി തികച്ചും അനാകർഷകമാണെന്നു വിലയിരുത്തുന്നതായും ഇതിൽ അംഗമാകാൻ വിമുഖത കാണിക്കുന്നതായും സമിതിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

15. ആയതിനാൽ പ്രവാസി കേരളീയ ക്ഷേമനിധിയിൽ ഒരു അംഗം അംശാദായമായി അടയ്ക്കുന്ന തുക നിശ്ചിത ശതമാനം പലിശ സഹിതം ടി അംഗം പെൻഷനാകുമ്പോൾ മടക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനായി 2008 ലെ പ്രവാസി കേരളീയ ക്ഷേമ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. മറ്റ് ക്ഷേമനിധി ബോർഡുകൾക്ക് തൊഴിലുടമയിൽ നിന്നുള്ള വിഹിതം ലഭിക്കുന്നതിനാൽ ടി ഇനത്തിൽ കാര്യമായ ഫണ്ട് ലഭിക്കുന്നുണ്ടെന്നും അതിനാലാണ് അംശാദായതുക പലിശസഹിതം തിരികെ നൽകാൻ കഴിയുന്നതെന്നും എന്നാൽ പ്രവാസി കേരളീയ ക്ഷേമ ബോർഡിന് അത്തരത്തിൽ ഫണ്ട് ലഭിക്കുന്നില്ലെന്നും അംഗങ്ങൾ അടയ്ക്കുന്ന അംശാദായവും സർക്കാർ ഗ്രാന്റായി നൽകുന്ന 2% തുകയും മാത്രമാണ് ആകെ വരുമാന മാർഗ്ഗമെന്നും സമിതി മനസ്സിലാക്കുന്നു. മേൽസാഹചര്യത്തിൽ അംഗങ്ങൾ അടയ്ക്കുന്ന അംശാദായതുക പലിശസഹിതം തിരികെ നല്കേണ്ടി വരുമ്പോൾ ബോർഡിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് സർക്കാർ പ്രവാസി കേരളീയ ക്ഷേമനിധിയിലേക്ക് ഗ്രാന്റായി നല്കുന്ന തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം പ്രവാസി കേരളീയ ക്ഷേമ ആക്ടിലെ വകുപ്പ് 3(2) ൽ പറഞ്ഞിരിക്കുന്നപ്രകാരം ഭാരതസർക്കാരിൽനിന്നോ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നോ, ഇതര സ്ഥാപനങ്ങളിൽ നിന്നോ ഗ്രാന്റ് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

17. സമിതിക്ക് ലഭ്യമായ കണക്കുകൾ പ്രകാരം പ്രവാസി ക്ഷേമനിധിയിൽ അംഗത്വത്തിനായി 2010 നവംബർ 30 വരെ 57184 പേർ അപേക്ഷിച്ചിട്ടുള്ളതിൽ 19252 പേർക്കു മാത്രമേ അംഗത്വം നൽകിയിട്ടുള്ളൂ. 37932 അപേക്ഷകർക്ക് രജിസ്ട്രേഷൻ നല്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നതായി അറിയിച്ചിരുന്നു. ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച് മാസങ്ങൾക്കു ശേഷം മാത്രമാണ് പാസ്സ്ബുക്കും മെമ്പർഷിപ്പ് കാർഡും ലഭിക്കുന്നതെന്നും എന്നാൽ അപേക്ഷ നല്കുന്ന തീയതി മുതൽ അംശാദായം അടയ്ക്കേണ്ടതുള്ളതിനാൽ കുടിശ്ശിക തുക ഒറ്റത്തവണ യായി അടയ്ക്കാൻ നിർബന്ധിതരായിത്തീരുന്നുവെന്നും വിവിധ സംഘടനകൾ സമിതി മുമ്പാകെ പരാതിപ്പെടുകയുണ്ടായി. ക്ഷേമനിധി ബോർഡിൽ മതിയായ ജീവനക്കാരില്ലാ ത്തതുമൂലമാണ് അംഗത്വം നല്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പുവേളയിൽ സമിതിക്ക് ബോദ്ധ്യമായി. കാരണം എന്തുതന്നെയായാലും ക്ഷേമനിധിയിൽ അംഗത്വം നല്കുന്നതിന് ഇത്രയധികം കാലവിളംബം ഉണ്ടാകുന്നത് നീതീകരിക്കാവുന്നതല്ല എന്ന് സമിതി കരുതുന്നു. അപേക്ഷ സമർപ്പിച്ച പകുതി ആളുകൾക്കുപോലും അംഗത്വം നല്കാൻ കഴിഞ്ഞില്ല എന്നത് സമിതി ഗൗരവത്തോടെ കാണുന്നു. ശരിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് കാലതാമസം കൂടാതെ അംഗത്വം നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. പ്രവാസി കേരളീയ ക്ഷേമബോർഡിന് മേഖലാ ഓഫീസുകളോ ജില്ലാ ഓഫീസുകളോ നിലവിലില്ലാത്തതും സാധാരണക്കാരായ പ്രവാസി മലയാളിക ൾക്ക് വളരെയധികം ബുദ്ധിമുണ്ടാകുന്നുണ്ട്.

18. നിലവിലുള്ള അംഗങ്ങൾക്ക് ഭാവിയിൽ പെൻഷനും മറ്റു നിരവധി ആനുകൂല്യങ്ങളും നല്കേണ്ടിവരുന്ന ഘട്ടത്തിൽ ഇപ്പോഴുള്ള സംവിധാനം തികച്ചും അപര്യാപ്തമായി വരുമെന്നു സമിതി കരുതുന്നു.

19. ആയതിനാൽ പ്രവാസി കേരളീയ ക്ഷേമബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അംഗങ്ങൾക്ക് പരമാവധി സേവനം ലഭ്യമാക്കുന്ന തിനും വേണ്ടി പ്രവാസി കേരളീയ ക്ഷേമബോർഡിന് ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മതിയായ ജീവനക്കാരെ നിയമി ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. പ്രവാസി മലയാളികളെ സംബന്ധിക്കുന്ന നിരവധി പ്രശ്നങ്ങൾ പരിഹാരം കാണേണ്ടവയായി ശേഷിക്കുന്നുണ്ട്. ഭൂരിപക്ഷംവരുന്ന പ്രവാസികളുടേയും സാമ്പത്തിക സ്ഥിതിയും തൊഴിൽ സാഹചര്യവും തികച്ചും തൃപ്തികരമാണെന്നു പറയാൻ കഴിയില്ല. അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെയും സ്പോൺസർമാരു ടെയും തട്ടിപ്പുകൾക്കും ചൂഷണങ്ങൾക്കും വിധേയരായി ജയിലുകളിൽ കഴിയാൻ വിധിക്കപ്പെട്ടവരും സർവ്വസ്വവും നഷ്ടപ്പെട്ട് എംബസ്സികളുടേയും മറ്റും സഹായത്താൽ തിരികെ സ്വദേശത്തേയ്ക്ക് മടങ്ങേണ്ടിവരുന്നവരും ഒട്ടനവധിയാണ്. കൂടാതെ കുടുംബ ത്തിൽ നിന്നും അകന്നുകഴിയേണ്ടിവരുന്നതുമൂലം ഇവർ അനുഭവിക്കുന്ന മാനസിക സംഘർഷവും വിവരണാതീതമാണ്.

21. സംസ്ഥാനത്തിന്റെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനും സാമൂഹിക പുരോഗതിയിലും പ്രവാസി മലയാളികൾ നൽകിയിട്ടുള്ള സംഭാവനകൾ വിലമതിക്കാനാവാത്തവയാണ്. ആയതിനാൽ അവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ ക്ഷേമ പദ്ധതികൾ ആരംഭിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2011 ഫെബ്രുവരി, 22.